**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2635 — 06.12.2018 -ൽ മറുപടിക്ക്

# വയനാട് ജില്ലയിൽ ഉത്തരവാദിത്ത ടൂറിസം പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഒ.ആർ. കേളു | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) ഉത്തരവാദിത്ത ടൂറിസം പദ്ധതി വയനാട് ജില്ലയിൽ വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | എ) ഉത്തരവാദിത്ത ടൂറിസം പദ്ധതി വയനാട് ജില്ലയിൽ വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| ബി) ഉത്തരവാദിത്ത ടൂറിസം പദ്ധതിയിൽ ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ? | ബി) തദ്ദേശവാസികൾക്ക് പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ ലഭ്യമാക്കുന്നതിലേക്കായി ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമായി കൾച്ചറൽ യൂണിറ്റുകൾ, കരകൗശല നിർമ്മാണ യൂണിറ്റുകൾ, പേപ്പർ ബാഗ് യൂണിറ്റുകൾ, തുണിസഞ്ചി നിർമ്മാണ യൂണിറ്റുകൾ, നെയ്ത്തു യൂണിറ്റുകൾ, ജൈവപച്ചക്കറി ഉൽപ്പാദന യൂണിറ്റുകൾ, മൂല്യവർദ്ധിത ഭക്ഷ്യോൽപ്പാദന നിർമ്മാണ യൂണിറ്റുകൾ, ഇളനീർ യൂണിറ്റുകൾ, ആർ.ടി ഷോഫേഴ്സ്, പ്രാദേശിക ടൂർ ലീഡേഴ്സ്, ടൂറിസം അനുബന്ധ സർവീസ് യൂണിറ്റുകൾ എന്നിങ്ങനെ ടൂറിസം മേഖലയുമായി പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധപ്പെട്ടു കിടക്കുന്ന വ്യത്യസ്തങ്ങളായ 1042 യൂണിറ്റുകൾ ഇപ്പോൾ വയനാട് ജില്ലയിൽ ഉത്തരവാദിത്ത ടൂറിസം മിഷനിൽ രജിസ്റ്റർ ചെയ്തു പ്രവർത്തനം നടത്തിവരുന്നു. വയനാട് |

ജില്ലയിലെ വിവിധ ടൂറിസം സംരംഭങ്ങളിലേയ്ക്ക് പ്രാദേശിക ഉൽപ്പന്നങ്ങൾ വിൽക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിന് പുറമേ വിവിധ ഗ്രാമീണ ടൂറിസം പാക്കേജുകളിലൂടെ പരമ്പരാഗത തൊഴിലുകൾ ടൂറിസവുമായി ബന്ധിപ്പിച്ച് വരുമാനം ലഭ്യമാക്കുന്ന പ്രവർത്തനം നടത്തി വരുന്നു. വയനാട്ടിൽ ഒരു വർഷ ക്കാലം കൊണ്ട് 500 പേർക്ക് പരിശീലനം നൽകിക്കഴിഞ്ഞു.

Smelhy

സെക്ഷൻ ഓഫീസർ